പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3884 12.12.2018-ൽ മറുപടിക്ക്

## ശബരിമലയിലെ നിരോധനാജ്ഞ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.വി.എസ്.ശിവകുമാർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ശബരിമലയിലെ പൂർണ്ണ നിയന്ത്രണം പോലീസ് ഏറ്റെടുക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാമോ; ദേവസ്വം ബോർഡിന്റെ അഭ്യർത്ഥന മാനിച്ചാണോ പോലീസിന്റെ ഈ നടപടി എന്ന് വ്യക്തമാക്കാമോ; | (എ) ശബരിമലയിലെ യുവതീ പ്രവേശനവുമായി ബന്ധപ്പെട്ട ബഹു. സുപ്രീംകോടതിയുടെ വിധിന്യായത്തിന് ശേഷം ചില സംഘടനകളും വ്യക്തികളും നടത്തിയ അക്രമത്തെ തുടർന്നുണ്ടായ സംഘർഷാവസ്ഥ കണക്കിലെടുത്ത് അയ്യപ്പഭക്തൻമാർക്ക് സുരക്ഷിതവും സുഗമവുമായ ദർശനത്തിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ശബരിമല ക്ഷേത്രത്തിൽ പോലീസ് വ്യാപകമായ മനുഷ്യാവകാശ ലംഘനങ്ങൾ നടത്തുന്നു എന്ന മനുഷ്യാവകാശ കമ്മീഷന്റെ വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശബരിമല ക്ഷേത്രത്തിൽ പോലീസ് വ്യാപകമായ മനുഷ്യാവകാശ ലംഘനങ്ങൾ നടത്തുന്നു എന്ന മനുഷ്യാവകാശ കമ്മീഷന്റെ വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ശബരിമലയിൽ സ്ഥിതി ശാന്തമായിട്ടും നിരോധനാജ്ഞ നീട്ടിക്കൊണ്ടുപോകാനുള്ള തീരുമാനം എന്ത് അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കുമോ? | (സി) ശബരിമലയിലെ സ്ഥിതിഗതികൾ വഷളാകുന്ന തരത്തിലുള്ള ക്രമസമാധാന പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് മുൻകരുതൽ നടപടി എന്ന നിലയിലാണ് ജില്ലാ കളക്ടർ നിരോധനാജ്ഞ നീട്ടിക്കൊണ്ട് ഉത്തരവായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ